ഉത്തരം

(എ) 13-7-2004-ലെ സർക്കാർ ഉത്തരവ് (പി) നം. 29/2004/മ.തു.വ. പ്രകാരം സർക്കാർ മത്സ്യമേഖലാ വികസന നയം ആവിഷ്കരിക്കുകയുണ്ടായി. മൽസ്യബന്ധനത്തിന്റെ വളർച്ചയ്ക്കും മൽസ്യമേഖലയുടെ പൊതുവായ പുരോഗതിക്കും മൽസ്യബന്ധനവും മൽസ്യ വ്യവസായവുമായി ബന്ധപ്പെട്ട് ഉപജീവനം കഴിക്കുന്ന വിവിധ ജനവിഭാഗങ്ങളുടെ ക്ഷേമത്തിനും വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തീരദേശ പരിസ്ഥിതി പരിപാലനം ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല.

(ബി) നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

മൽസ്യത്തൊഴിലാളികൾക്ക് ഭവനനിർമ്മാണത്തിനായി അനുവദിച്ച തുക

116 [2726] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 ജൂൺ മുതൽ 2005 ജൂൺ വരെ സംസ്ഥാനത്തെ എത്ര മൽസ്യത്തൊഴിലാളികൾക്ക് എത്ര തുക വീതം ഭവനനിർമ്മാണത്തിനായി അനുവദിച്ചെന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ബി) ഈ മൽസ്യത്തൊഴിലാളികളിൽ എത്ര പേർ വാസയോഗ്യമായ രീതിയിൽ വീടുപണി പൂർത്തീകരിച്ചിട്ടുണ്ടെന്നും എത്ര പേർ വീടുപണി പൂർത്തീകരിച്ചിട്ടില്ലെന്നും ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 9445 മൽസ്യത്തൊഴിലാളികൾക്ക് 40,000 രൂപ വീതം 3777.87 ലക്ഷം രൂപ ഭവനനിർമ്മാണത്തിനായി അനുവദിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം 1-ൽ ചേർക്കുന്നു. †

(ബി) ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം 2-ൽ ചേർക്കുന്നു. †

മൽസ്യത്തൊഴിലാളികൾക്കുവേണ്ടി വികസന പദ്ധതികൾ

117 [2727] ശ്രീ. എം. മുരളി:
,, ഇ. എം. ഭാഗസ്തി:
,, എം. എം. ഹസ്സൻ:
,, വർക്കല കഹാർ:
,, കെ. സുധാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്കുവേണ്ടി എന്തെല്ലാം വികസന പദ്ധതികളാണ് നിലവിലുള്ളത്;

(ബി) ഈ പദ്ധതി പ്രകാരം 2001 മെയ് മാസം മുതൽ ഇതുവരെ ആകെ എന്തു തുക ചെലവഴിച്ചിട്ടുണ്ട്;

(സി) അതിന്റെ പ്രയോജനം എത്ര പേർക്ക് കിട്ടിയെന്ന് പറയുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly